## സിവിൽ സ്റ്റേഷനുകളുടേയും മിനി സിവിൽ സ്റ്റേഷനുകളുടേയും നിർമ്മാണവും ഏകോപനവും

15 [2310] ശ്രീ. പി. കെ. കെ. ബാവ:
,, യു. സി. രാമൻ:
,, കളത്തിൽ അബ്ദുള്ള:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ജില്ലാ ആഫീസുകളും താലൂക്ക് ആഫീസുകളും സിവിൽ സ്റ്റേഷനുകളും മിനി സിവിൽ സ്റ്റേഷനുകളും നിർമ്മിച്ച് ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി;

(ബി) ഏതെല്ലാം ജില്ലകളിൽ സിവിൽ സ്റ്റേഷൻ പണി പൂർത്തീകരിച്ചു;

(സി) ഏതെല്ലാം താലൂക്ക് ആസ്ഥാനങ്ങളിൽ മിനി സിവിൽ സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കി;

(ഡി) മറ്റുള്ളവയുടെ നിർമ്മാണം സംബന്ധിച്ച പുരോഗതി എപ്രകാരമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(ബി) തിരുവനന്തപുരം ഒഴികെ മറ്റെല്ലാ ജില്ലകളിലും സിവിൽ സ്റ്റേഷനുകൾ നിലവിലുണ്ട്.

(സി) കൊയിലാണ്ടി, തിരൂർ, പൊന്നാനി, മുകുന്ദപുരം, തൃപ്പൂണിത്തുറ, തൊടുപുഴ, പാലാ, കോട്ടയം, മല്ലപ്പള്ളി, കുട്ടനാട്, നെയ്യാറ്റിൻകര.

(ഡി) ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ച പണികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

## പൊതുമരാമത്ത് വകുപ്പിന്റെ പുനഃസംഘടന

16 [2312] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റീസ്ട്രക്ചർ ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) റീസ്ട്രക്ചറിംഗ് വഴി എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് കരുതുന്നത്; ഇതിന്റെ ആവശ്യകത വ്യക്തമാക്കാമോ;

(സി) എം.ജി.പി.യുമായി ഇതിന് ബന്ധമുണ്ടോ;

(ഡി) റീസ്ട്രക്ചറിംഗ് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;



LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുനഃസംഘടന മൂലം എത്ര തസ്തികകൾ ഇല്ലാതാകുമെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(എഫ്) പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു; അവ ഏതെല്ലാമാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ നിരവധി ഓഫീസുകൾ നിർത്തലാക്കാനും ആവശ്യകത മാത്രം കണക്കിലെടുത്ത് പുതിയ ഓഫീസുകൾ ആരംഭിക്കാനും ജീവനക്കാരുടെ ഘടന കുറഞ്ഞ രീതിയിൽ പുനഃസംഘടിപ്പിക്കാനും കഴിയുമെന്നു കരുതുന്നു.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ, എഫ്) പുനഃസംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമെടുത്തിട്ടില്ല.

മിനി സിവിൽ സ്റ്റേഷൻ കെട്ടിടം പണി തുടങ്ങുന്നതിനുള്ള നടപടി

17 [2314] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്ക് ആസ്ഥാനത്ത് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം പണി തുടങ്ങുന്നതിന് സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ വന്നിട്ടുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മിനി സിവിൽ സ്റ്റേഷൻ പണി ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 270 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കണ്ണാടിപ്പറമ്പ് സ്റ്റെപ്പ് റോഡ് പണി പൂർത്തിയാക്കാൻ നടപടി

18 [2315] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണാടിപ്പറമ്പ് സ്റ്റെപ്പ് റോഡ് ജനങ്ങൾക്ക് യാത്ര ചെയ്യാൻ കഴിയാത്തവിധം തകർന്നുകിടക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റോഡിന്റെ റിപ്പയർ പണിക്ക് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly